Page 1 of 2

അടിയന്തരാവധി അനുവദിച്ചിട്ടുള്ള. കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സാധാരണാവധിക്ക് അർഹതയുള്ള തടവുകാർക്ക് അവധി അനുവദിച്ച മാനദണ്ഡങ്ങളിൽ ടി. പി. കേസിലെ പ്രതികൾ ഉൾപ്പെട്ടതിനാലാണ് ടിയാന്മാർക്കും മറ്റ് തടവുകാർക്കൊപ്പം അവധി അനുവദിച്ചിട്ടുള്ളത്. ടി. പി. കേസിലെ പ്രതികൾക്ക് ക്രമവിരുദ്ധമായി യാതൊരുവിധ അവധിയും സർക്കാർ അനുവദിച്ചിട്ടില്ല.

(എഫ്) പരോളിൽ ഇറങ്ങി സ്വർണ്ണക്കടത്ത് പോലുള്ള ഗുരുതര കുറ്റകൃത്യങ്ങൾക്ക് നേതൃത്വം നൽകിയതായി ആക്ഷേപം ഉണ്ടായ പശ്ചാത്തലത്തിൽ ടി. പി. വധക്കേസ് പ്രതിയുടെ പരോൾ റദ്ദാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ടി.പി. വധക്കേസ്സിൽ പുറത്തിറങ്ങിയ പ്രതികൾ പരോൾ ചട്ടലംഘനം നടത്തിയതായിട്ടുള്ള സ്റ്റേഷൻ ഹൗസ് ഓഫീസറുടേയോ ജില്ലാ പോലീസ് മേധാവിയുടേയോ റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം പ്രസ്തുത തടവുകാരുടെ പരോൾ റദ്ദ് ചെയ്ത് തിരികെ ജയിലിൽ പ്രവേശിപ്പിക്കുന്നതിനുള്ള ജയിൽ റൂൾ 412 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്വട്ടേഷൻ സംഘങ്ങളെ നിയന്ത്രിക്കൽ**

100 (1464) ശ്രീ. ടി. സിദ്ദിഖ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽപ്പണം, സ്വർണ്ണക്കടത്ത് എന്നിവയുമായി ബന്ധപ്പെട്ട് കേരളത്തിൽ ക്വട്ടേഷൻ സംഘങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുഴൽപ്പണം, സ്വർണ്ണക്കടത്ത് എന്നീ കുറ്റകൃത്യങ്ങൾക്ക് കേസ്സ് രജിസ്റ്റർ ചെയ്യുന്നത് കേന്ദ്ര ഏജൻസികളായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, കസ്റ്റംസ് എന്നിവയാണ്. എന്നാൽ സംഘടിതമായോ, ഒറ്റയ്ക്കോ ആക്രമണം, കൊലപാതകം എന്നീ കുറ്റകൃത്യങ്ങൾക്കെതിരെ യഥാസമയം പോലീസ് കേസ്സ് രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇവയിൽ സ്വർണ്ണക്കടത്ത് എന്നിവയുമായി ബന്ധിപ്പിക്കുന്ന തെളിവുകൾ ഉള്ളവ എത്രയെന്ന് ഉള്ളതിന്റെ വിവരം ശേഖരിച്ച് നല്കുന്നതാണ്.

(ബി) ഇത്തരമായി ബന്ധപ്പെട്ട എത്ര കേസ്സുകളാണ് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കുഴൽപ്പണം, സ്വർണ്ണക്കടത്ത് എന്നീ കുറ്റകൃത്യങ്ങൾക്ക് കേസ്സ് രജിസ്റ്റർ ചെയ്യുന്നത് കേന്ദ്ര ഏജൻസികളായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, കസ്റ്റംസ് എന്നിവയാണ്. എന്നാൽ സംഘടിതമായോ, ഒറ്റയ്ക്കോ ആക്രമണം, കൊലപാതകം എന്നീ കുറ്റകൃത്യങ്ങൾക്കെതിരെ യഥാസമയം പോലീസ് കേസ്സ് രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇവയിൽ സ്വർണ്ണക്കടത്തുമായി ബന്ധിപ്പിക്കുന്ന തെളിവുകൾ ഉള്ളവ എത്രയെന്ന് ഉള്ളതിന്റെ വിവരം ശേഖരിച്ച് നല്കുന്നതാണ്.

(സി) ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഇത്തരം ക്വട്ടേഷൻ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും ശ്രദ്ധയിൽപ്പെട്ടാൽ കാര്യക്ഷമമായി ഇടപെടുന്നതിനും നിലവിലുള്ള നിയമപ്രകാരം പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനും വേണ്ട കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങളെയും മറ്റ് സാമൂഹ്യവിരുദ്ധരെയും ശക്തമായി നിയന്ത്രിക്കുന്നതിനായി, തുടർച്ചയായി പൊതുജനസമാധാന ലംഘനം ഉണ്ടാക്കുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തിയും CrPC വകുപ്പ് പ്രകാരം സമാധാന സംരക്ഷണത്തിനായി ജാമ്യം വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും കേരളാ ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് 2007 (KAPPA) സെക്ഷൻ 15 (1) പ്രകാരമുള്ള ഉത്തരവിൽ പരാമർശിക്കുന്ന സ്ഥലങ്ങളിൽ സന്ദർശനം നിഷേധിച്ചും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പൊതുവിദ്യാലയങ്ങളുടെ ഓൺലൈൻ ക്ലാസ്സുകൾ**

101 (1465) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങൾ നടത്തുന്ന ഓൺലൈൻ ക്ലാസ്സുകളിൽ വ്യാജന്മാർ നുഴഞ്ഞുകയറി അശ്ലീലങ്ങളും മറ്റും പ്രചരിപ്പിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം തടയുന്നതിന് സൈബർ പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്. ഇതിന്റെ ഭാഗമായി സൈബർ പോലീസിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് Zoom, Google Meet തുടങ്ങിയവയിൽ സുരക്ഷിതമായി എങ്ങനെ ക്ലാസ്സുകൾ കൈകാര്യം